# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 1986 — 18-06-2013-ൽ മറുപടിക്ക്

### ഊർജ്ജ ഉപയോഗം കുറയ്ക്കാൻ ബോധവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനായി വിദ്യാലയ ങ്ങളിൽ പ്രചാണ പരിപാടികൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) ഊർജ്ജോപയോഗം കറയ്ക്കുന്നതിനായി എനർജി മാനേജ്മെ ന്റ് സെന്റർ വിദ്യാലയങ്ങളിൽ പ്രചാരണ പരിപാടികൾ ഇപ്പോൾ തന്നെ നടത്തി വരുന്നുണ്ട് |
| (ബി) എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ; | (ബി) വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനായി മത്സര പരിപാടികൾ ബോധവൽക്ക രണ പരിപാടികൾ എന്നിവ നടത്തി വരുന്നു.<br><br>ഐ ടി അറ്റ് സ്കൂൾ പദ്ധതിയുമായി ചേർന്ന ഊർജ്ജസംരക്ഷണം വിഷയമാക്കി ആനിമേഷൻ ഫിലിം നിർമ്മാണ മത്സരം നടത്തി. നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് ഊർജ്ജ സംരക്ഷണ പരിശീലന പരിപാടികൾ, NSS ടെക്നിക്കൽ സെല്ലുമായി ചേർന്ന് 'യങ്ങ് ഓഡിറ്റർ' പ്രോഗ്രാം എന്നിവ നടത്തി വരുന്നു. സി ബി എസ് ഇ സ്കൂളുകളിൽ എനർജി സ്മാർട്ട് സ്കൂൾ പരിപാടിക്ക് തുടക്കം കുറിച്ചു.<br><br>ഊർജ്ജ സംരക്ഷണ നിയമത്തെക്കുറിച്ചും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകതയെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളെപ്പറ്റിയും ഉള്ള ഒരു ബോധവത്ക്കരണ പരിപാടികൾ വിവിധ വിദ്യാലയങ്ങളിൽ നടത്തി വരുന്നു. ഇതു സംബന്ധിച്ച ലഘുലേഖകൾ, ലേബലുകൾ തുടങ്ങിയവ നൽകി വരുന്നു.<br><br>എൻ.ടി.വി.സിയുമായി സഹകരിച്ച് സംസ്ഥാന |

തലത്തിൽ ഊർജ്ജസംരക്ഷണവുമായി ബന്ധപ്പെട്ട essay competition, painting competition തുടങ്ങിയവ നടത്തി വരുന്നു.

സംസ്ഥാനതലത്തിൽ സ്കൂളുകളിലും കോളേജുകളും എനർജി കൺസർവേഷൻ ക്ലബ്ബുകൾ വഴി ഊർജ്ജസംരക്ഷണ വിഷയത്തെക്കുറിച്ച് energy quiz. elecution, project preparation, domestic energy സർവേ മുതലായവ നടത്തി വരുന്നു.

| | |
|---|---|
| (സി) ഉണ്ടെങ്കിൽ വിദ്യാല യങ്ങളിൽ പ്രചാരണ പരിപാടികൾ നട ത്തുന്നകാര്യം പരിഗണിക്കുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ